CCM( 18) 2014-15

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**15.10.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3.00-മണിക്ക് ബഹു. പഞ്ചായത്തു വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.10.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2014-15 വർഷത്തെ പദ്ധതി ചെലവിനത്തിൽ ആകെ 836.69 കോടി രൂപ ആയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ 480.21 കോടിയും ബ്ലോക്ക് പഞ്ചായത്തുകൾ 120 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 148 കോടി രൂപയും മുനിസിപ്പാലിറ്റി 72 കോടിയും കോർപ്പറേഷനുകൾ 28 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ 14.5 ശതമാനവും (മുൻവർഷം 18%), ബ്ലോക്ക് പഞ്ചായത്തുകൾ 24 ശതമാനവും (മുൻവർഷം 30%) ജില്ലാ പഞ്ചായത്തുകൾ 11.6 ശതമാനവും (മുൻവർഷം10%) മുനിസിപ്പാലിറ്റികൾ 15.4 ശതമാനവും (മുൻവർഷം 14.7%), കോർപ്പറേഷനുകൾ 10.7 ശതമാനവും (മുൻവർഷം 9.6%) ചെലവായതായും റിപ്പോർട്ട് ചെയ്യപ്പെട്ടു.

2.2 പദ്ധതികളുടെ ചെലവ് കുറഞ്ഞത് സംബന്ധിച്ച് വിശദമായ ചർച്ച ചെയ്തു. എല്ലാ എഞ്ചിനീയർമാർക്കും ഡിജിറ്റൽ സിഗ്നേച്ചർ ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. പഞ്ചായത്ത് സെക്രട്ടറിമാർക്കെല്ലാം ഡിജിറ്റൽ സിഗ്നേച്ചർ ലഭിച്ചിട്ടുണ്ടെങ്കിലും അവർക്ക് ഇ-ടെണ്ടറിംഗിൽ പരിശീലനം ലഭിച്ചിട്ടില്ല. എന്നാൽ എഞ്ചിനീയർമാർക്ക് ഇ-ടെണ്ടർ പരിശീലനം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സെക്രട്ടറിമാരുടെ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് എഞ്ചിനീയർമാരുടെ സഹായത്തോടെ ഇ-ടെണ്ടർ നടപടികൾ എടുക്കേണ്ടതാണെന്ന് തീരുമാനിച്ചു.

2.3 ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകൾക്ക് തനത് ഫണ്ട് ഇല്ലാത്തതിനാൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഓഫീസ് കെട്ടിടം നിർമ്മിക്കാൻ നേരത്തേ അനുമതി നൽകിയിരുന്നെങ്കിലും യഥാസമയം സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടില്ലെന്നും അടിയന്തിരമായി ഉത്തരവിറക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. മെയിന്റനൻസ് ഫണ്ട് ഉപയോഗത്തെക്കുറിച്ച് നിലവിലുള്ള ഉത്തരവുകൾ ക്രോഡീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ഇതിന് എസ്.എഫ്.സി. സെൽ തയ്യാറാക്കി നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

2.4 ഐ.എ.വൈ. വിഹിതം വിഹിതം പൂർണ്ണമായും വകയിരുത്താത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് ഭേദഗതി ചെയ്ത് പൂർണ്ണ വിഹിതം വകയിരുത്തണമെന്ന് തീരുമാനിച്ചിരുന്നതാണ്. അപ്രകാരം വകയിരുത്തലുകൾ വരുത്താത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ കുറവു വരുത്തി ഐ.എ.വൈ പദ്ധതിക്കുവേണ്ടി നൽകേണ്ടതാണെന്ന് തീരുമാനിച്ചു. ഐ.എ.വൈ വിഹിതത്തിൽ കുറവ് വരുത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് കോഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കാൻ ഗ്രാമവികസന കമ്മിഷണറെ ചുമതലപ്പെടുത്തി.

2.5 പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം പട്ടികജാതി വകുപ്പ് 3 ലക്ഷം രൂപയായി ഉയർത്തിയത് മൂലമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ധനകാര്യം, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, ഹൗസിംഗ് എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി ചർച്ച ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 60542/ഡി.ഡി.2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്ത് എസ്.സി.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങാൻ വിട്ടുനൽകുന്നതും ഫർണിച്ചറുകൾ എസ്.സി. വിദ്യാർത്ഥികൾക്ക് നൽകുന്നത് സംബന്ധിച്ചും പട്ടികജാതി വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത് താമസംവിനാ ലഭ്യമാക്കണമന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കുത്തിയതോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 59993/ഡിഎ2/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിലെ 16 പട്ടികവർഗ കുടുംബങ്ങൾക്ക് പ്ലാസ്റ്റിക് വാട്ടർ ടാങ്ക് നൽകുന്നത് സുതാര്യ നടപടിയിലൂടെ ടെണ്ടർ ക്ഷണിച്ച് നടപ്പാക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഐ.എ.വൈ രജിസ്ട്രേഷൻ ഫീസ് (ഗ്രാമവികസന കമ്മീഷണറുടെ കത്ത് ) ഫയൽ നം. 59497/ഡി.ഡി.1/14/തസ്വഭവ)**

ഭവന പദ്ധതി ഗുണഭോക്താക്കൾ 12 വർഷത്തേയ്ക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ലെന്ന് എഗ്രിമെന്റ് വയ്ക്കുന്നത് രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന ആവശ്യത്തിന്മേൽ ഇനിയും കാലതാമസം വരുത്താതെ ഇളവ് നൽകുന്നതിന് നികുതി വകുപ്പിനോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ മേൽക്കൂര മഴവെള്ള റീ ചാർജിംഗ് പദ്ധതി (ഗ്രാമവികസന കമ്മീഷണറുടെ കത്ത് ) ഫയൽ നം.59175/ഡി.ഡി.2/14/തസ്വഭവ)**

ഹരിയാലി പദ്ധതിയിൽ ഉൾപ്പെടാത്ത കടയ്ക്കൽ, ചടയമംഗലം ഗ്രാമപഞ്ചായത്തുകളിൽ മേൽക്കൂര മഴവെള്ള റീചാർജിംഗ് പദ്ധതി സംയുക്തമായി നടപ്പാക്കണമെന്ന ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ ഐ.എ.വൈ.വിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ മഴവെള്ള റീചാർജിംഗ് പദ്ധതി നടപ്പാക്കാവൂ എന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്**

ആച്ചിക്കൽ പ്രദേശത്ത് ഹോമിയോ ആശുപത്രിക്കായി പണി ആരംഭിച്ച കെട്ടിടത്തിൽ വനിത ഉൽപ്പന്ന വിപണനകേന്ദ്രം ആരംഭിക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ഏതു സാഹചര്യത്തിലാണ് നിർമ്മാണം നിർത്തി വച്ചതെന്നും വിപണനകേന്ദ്രം ആരംഭിക്കാൻ തീരമാനിച്ചത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ നടപ്പാക്കിയതിന് ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായ സാഹചര്യത്തിൽ അവയ്ക്ക് സാധൂകരണം നൽകണമെന്ന ആവശ്യത്തിന്മേൽ വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 എറണാകുളം ജില്ലാ പഞ്ചായത്ത്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന ഇലക്ട്രിക്കൽ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗം, കെ.എസ്.ഇ.ബി. എന്നിവയിലെ എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 27.11.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.1 പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ലാത്തതിനാൽ വൈദ്യുതി വകുപ്പിൽ നിന്നും പി.ഡബ്ല്യു.ഡിയിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗിക്കാമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചക്കുപള്ളം ഗ്രാമപഞ്ചായത്ത്**

മറ്റ് പ്രോജക്ടുകൾ അംഗീകരിക്കാൻ ഡി.പി.സി. ചേരുന്നതിന് നിർദ്ദേശം നൽകണമെന്ന ആവശ്യത്തിൽ ഡി.പി.സി. ചേരുന്നതിന് നിയന്ത്രണമില്ലെന്നും നിലവിലെ വ്യവസ്ഥ അനുസരിച്ച് നടപടിയെടുക്കേണ്ടതാണെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്**

ഡി.പി.സി. നിരസിച്ച ഏതാനും പ്രോജക്ടുകൾക്ക് അംഗീകാരം നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പന്തലായിനി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഏതാനും പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് പ്രത്യേക അനുവാദം ആവശ്യപ്പെട്ടതിന്മേൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തലവടി ഗ്രാമപഞ്ചായത്ത്**

2008-09 വർഷത്തെ പൊതുവിഭാഗം പ്രോജക്ട്നം.51, എസ്.സി. പ്രോജക്ട് 107 എന്നിവയിന്മേലുള്ള ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കണമെന്ന ആവശ്യത്തിന്മേൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

**(ബഹു.മങ്കട എം.എൽ.എ ശ്രീ. റ്റി.എ അഹമ്മദ് കബീർ മുഖേന സമർപ്പിച്ചത്)**

ആവശ്യത്തിന് തൂക്കവും വളർച്ചയും ഇല്ലാത്ത കുട്ടികളുടെ ന്യൂനപോഷണം പരിഹരിക്കുന്നതിന് പൂരകപോഷകാഹാര പദ്ധതി ഇപ്പോൾ തന്നെ നിലവിലുള്ള സാഹചര്യത്തിൽ മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പരപ്പ ബ്ലോക്ക് പഞ്ചായത്ത്**

പരപ്പ കൂടംകല്ല് സി.എച്ച്.സി.യിലേയ്ക്ക് ആവശ്യമുള്ള മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ സപ്ലൈകോയിൽ നിന്നും വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്**

കെ.എസ്.ഇ.ബി. കെട്ടിട വാടക ഒരു വർഷത്തേയ്ക്ക് നൽകാൻ അനുവദിക്കണമെന്ന ആവശ്യത്തിൽ പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച നിരക്കനുസരിച്ച് തനത് ഫണ്ടിൽ നിന്നും നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തൃശൂർ കോർപ്പറേഷൻ (ഫയൽ നം.53662/ഡി.ബി.1/14/തസ്വഭവ)**

പൊതുവിഷയം 2.5 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്**

**(ഫയൽ നം.72628/എഫ്. എം2/14/തസ്വഭവ)**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് പയ്യന്നൂരിൽ ആരംഭിക്കുന്ന ഖാദി–ഗാന്ധി മ്യൂസിയത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്**

ജില്ലാ ആസൂത്രണസമിതി നിരസിച്ച നാലു പ്രോജക്ടുകളിൽ അനുവാദം നൽകണമെന്ന ആവശ്യത്തിന്മേൽ ക്ഷീര സഹായ ഗ്രൂപ്പുകൾക്ക് കറവയന്ത്രം നൽകുന്നത് നിരസിക്കാനും പ്രതിമ നിർമ്മാണം പ്രാദേശിക പങ്കാളിത്തത്തോടെ വിഭവ സമാഹരണം നടത്തി നിർവഹിക്കാനും പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി നടപ്പാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥനായി തദ്ദേശസ്വയംഭരണ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയോഗിക്കണമെന്ന ആവശ്യം അംഗീകരിക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കുന്നന്താനം ഗ്രാമപഞ്ചായത്ത്**

കുന്നന്താനം ടൗണിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുവാദം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കുന്നന്താനം ഗ്രാമപഞ്ചായത്ത്**

പരിസ്ഥിതി വകുപ്പ് നടപ്പാക്കുന്ന പതാക നൗക പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പദ്ധതികൾ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർ മുഖേന സമർപ്പിക്കുന്നതിനുള്ള 21.06.2014 –ലെ 31194/ഡി.എ2/14/തസ്വഭവ സർക്കുലറിലെ നിർദ്ദേശം പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 തിരുവാലി ഗ്രാമപഞ്ചായത്ത് (ഫയൽനം.43838/ഡി.എ.2/14/തസ്വഭവ)**

നടുവത്ത് മാവേലി സ്റ്റോറിന് പി. ഡബ്ല്യൂ.ഡി. നിശ്ചയിച്ച വാടകയിൽ കൂടുതൽ നൽകാൻ അനുവദിക്കണമെന്ന ആവശ്യം സ്പെഷ്യൽ റെന്റ് വ്യവസ്ഥ അനുസരിച്ച് നടപ്പാക്കാൻ ധനകാര്യ വകുപ്പിന്റെ അംഗീകാരം നേടേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് (ഫയൽ നം.63233/ഡി.എ2/2014/തസ്വഭവ)**

കുട്ടികൾക്ക് കായിക പരിശീലനം നൽകുന്ന പദ്ധതിക്ക് അനുവാദം നൽകണമെന്ന ആവശ്യത്തിൽ സ്പോർട്സ് കൗൺസിലിന്റെ അനുമതിയോടുകൂടി ഡി.പി.സി.യ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കേരള പഞ്ചായത്ത് സെക്രട്ടറീസ് അസോസിയേഷൻ**

പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപോടോപിൽ നെറ്റ് കണക്ഷൻ എടുക്കുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് (ഫയൽ നം.56251/ഐ.ബി.1/14/തസ്വഭവ)**

പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ് വാങ്ങുന്നതിന് ചെലവ് ഏത് ഫണ്ടിൽ നിന്നും വഹിക്കാമെന്ന് തീരുമാനിക്കണമെന്ന ആവശ്യത്തിൽ നിലവിലെ രീതി തുടർന്നാൽ മതിയെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 24 ളാലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.60921/ഡി.ഡി.2/14/തസ്വഭവ)**

2013–14 വാർഷിക പദ്ധതിയിൽ മാർഗരേഖയ്ക്കു വിരുദ്ധമായി സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം എന്ന പദ്ധതി നടപ്പാക്കിയതിന് സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കാനും ഇതുവരെ ചെലവു ചെയ്ത തുക അംഗീകരിക്കണമെന്ന ആവശ്യം നിരസിക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പനമരം ബ്ലോക്ക് പഞ്ചായത്ത്**

2013–14 വാർഷിക പദ്ധതിയിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ ചെലവിന് സാധൂകരണം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിട്ടി**

**(ഫയൽ നം 63241/ഡി.എ1/14/തസ്വഭവ)(ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി മുഖാന്തിരം)**

അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവയ്ക്കും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 തലശ്ശേരി തിരുവങ്ങാട് സ്പോർട്ടിംഗ് യൂത്ത്സ് ലൈബ്രറി സെക്രട്ടറിയുടെ കത്ത് (ഫയൽ നം 63354/ഡി.സി3/14/തസ്വഭവ)**

സ്പോർട്ടിംഗ് യൂത്ത് ലൈബ്രറി കെട്ടിടത്തിന്റെ മേൽക്കൂര പുതുക്കിപ്പണിയുന്നത് തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്**

2007-08 മുതൽ 2010-11 വരെയുള്ള കാലയളവിനുള്ളിൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീട് പണിയുടെ കുടിശ്ശിക നൽകാനുള്ളത് പട്ടികജാതി പട്ടികവർഗ്ഗ വിഹിതം 2011-12 വർഷത്തെ ചെലവാകാതെയുള്ള തുകയിൽ നിന്നും നൽകാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്**

2011-12 വർഷത്തെ 117/12 നമ്പർ പ്രോജക്ട് നടപ്പാക്കിയതിലെ അപാകത സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഒബ്ജക്ഷൻ ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 5.00ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 23.10.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***